## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2806 — 14.12.2015 ലെ മറുപടിയ്ക്ക്

## കേരള ട്രാവൽ മാർട്ട്

| ചോദ്യം<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സെപ്റ്റംബർ 28 മുതൽ 30 വരെ കൊച്ചിയിൽ സംഘടിപ്പിക്കുന്ന കേരള ട്രാവൽ മാർട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | എ) | കേരളത്തിന്റെ തനതായ ഉല്പന്നങ്ങൾ ലോകമാർക്കറ്റിനു മുന്നിൽ പ്രദർശിപ്പിക്കാനുള്ള ഒരു വേദിയാണ് രണ്ടു വർഷം കൂടുമ്പോൾ നടക്കുന്ന കേരള ട്രാവൽ മാർട്ട്. ഈ മേഖലയിലുള്ള എല്ലാ സംരംഭകരുടേയും ഉൽപ്പന്നങ്ങൾ കേരളത്തിനു പുറത്തും മറ്റ് ഇതര സംസ്ഥാനങ്ങളിൽ നിന്നും, വിദേശരാജ്യങ്ങളിൽ നിന്നുമുള്ള ഉപഭോക്താക്കളെ കണ്ടെത്തി വിപണനം ചെയ്യുക എന്നുള്ളതാണ് കേരള ട്രാവൽ മാർട്ടിന്റെ പ്രധാന ഉദ്ദേശ്യം. |
| ബി) | മേളയുടെ ഉപഭോക്ത പങ്കാളികളായി ആരൊക്കെയാണു പങ്കെടുക്കുന്നത്; ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും പങ്കാളികളുണ്ടാകുമോ; മേളയിൽ പങ്കാളികളാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | ബി) | ഈ മേളയുടെ ഉപഭോക്താക്കളായി ഇന്ത്യയ്ക്കകത്തു നിന്നും, വിദേശത്തു നിന്നും ടൂറിസം വിപണനം നടത്തുന്ന സംരംഭകരും പ്രമുഖ പത്ര-മാധ്യമ പ്രതിനിധികളും പങ്കെടുക്കുന്നുണ്ട്. കേരള ട്രാവൽ മാർട്ടിന്റെ ഈ മേളയിൽ പങ്കെടുക്കുന്നതിനു വേണ്ടി കേരള ട്രാവൽ മാർട്ടിൽ ഉപഭോക്താക്കളായിട്ട് രജിസ്റ്റർ ചെയ്യുന്നവരിൽ നിന്ന് വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്കുശേഷം തിരഞ്ഞെടുക്കപ്പെടുന്ന ഉപഭോക്താക്കളെയാണ് മേളയിൽ പങ്കെടുപ്പിക്കുന്നത്. |
| സി) | കേരള ട്രാവൽ മാർട്ടിനു കണക്കാക്കുന്ന ചെലവ് എത്രയാണ്;<br>ചെലവാക്കുന്ന തുകയ്ക്കനുസരിച്ച് നേട്ടം പ്രതീക്ഷിക്കുന്നുണ്ടോ? | സി) | കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് 2.5 കോടി രൂപയായിരുന്നു. കേരള ടൂറിസത്തിന്റെ വെബ്സൈറ്റിൽ കൂടിയും, സോഷ്യൽ മീഡിയ വഴിയും, വ്യാപാരികളും വകുപ്പും ചേർന്ന് നടത്തുന്ന മാർക്കറ്റിംഗ് വഴിയും കേരളത്തിനു പുറത്തും വിദേശത്തും നടത്തുന്ന എക്സിബിഷൻ/ |

| | | | |
|---|---|---|---|
| | | | റോഡ് ഷോ മുതലായവയിലൂടെയും ആകർഷിച്ച് ബോധവൽക്കരിക്കുന്ന ടൂറിസം സംരംഭകരെ കേരളത്തിലേയ്ക്ക് ക്ഷണിച്ച് വരുത്തി, കേരളത്തിലെ സംരംഭകരുമായി വിപണന ചർച്ച നടത്തി, വിപണി വിപുലീകരിക്കുക, അതുവഴി വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കഴിഞ്ഞ കേരള ട്രാവൽ മാർട്ടിൽ മൂന്ന് ദിവസത്തെ മേളയിൽ ഏകദേശം 40,000 ത്തോളം കൂടിക്കാഴ്ചകൾ തരപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ഉരുത്തിരിയുന്ന വ്യാപാര കരാറുകൾ വഴി വിനോദസഞ്ചാര മേഖലയുടെ വികസനമാണ് ഈ മേള കൊണ്ട് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ